**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 583** **13-10-2026-ൽ മറുപടിയ്ക്ക്**

**ഊർജസുരക്ഷ ഉറപ്പാക്കുന്നതിനുള്ള കേന്ദ്രസർക്കാർ പദ്ധതികൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. വി. മുരളീധരൻ

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ
വകുപ്പ് മന്ത്രി)

**(എ)** കേന്ദ്ര സർക്കാരിന്റെ പി.എം. സൂര്യഘർ പദ്ധതിപ്രകാരം സംസ്ഥാനത്ത് എത്ര വീടുകളിൽ പുരപ്പുറ സൗരോർജ സംവിധാനം സ്ഥാപിച്ചിട്ടുണ്ട്; ഈയിനത്തിൽ കേന്ദ്ര സബ്സിഡിയായി എത്ര തുക ലഭിച്ചു; വിശദമാക്കാമോ;

**മറുപടി:** 30.09.2026-ലെ കണക്ക് പ്രകാരം സംസ്ഥാനത്ത് 361435 വീടുകളിൽ പുരപ്പുറ സൗരോർജ്ജ സംവിധാനം സ്ഥാപിച്ചിട്ടുണ്ട്. ഈയിനത്തിൽ 2388.81 കോടി രൂപ സബ്സിഡി വിതരണം ചെയ്തിട്ടുണ്ട്.

**(ബി)** പി.എം. സൂര്യഘർ പദ്ധതിക്കായി സമർപ്പിക്കപ്പെട്ട അപേക്ഷകളിൽ ഇനിയും അനുമതി നല്കാൻ അവശേഷിക്കുന്നവയെത്ര; വിതരണ ട്രാൻസ്‌ഫോർമറുകളുടെ ശേഷി വർധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കാമോ;

**മറുപടി:** 674 എണ്ണം.

വിതരണ ട്രാൻസ്ഫോർമറിന്റെ ആകെ ശേഷിയുടെ 90% മാത്രമാണ് renewable energy integration സാധ്യമാകുന്നത്. സംസ്ഥാനത്ത് വീടുകളിലും സ്ഥാപനങ്ങളിലും സോളാർ വൈദ്യുതി ഉൽപ്പാദനം വർധിച്ചതിനാൽ നിലവിൽ ആകെയുള്ള ട്രാൻസ്ഫോർമറുകളുടെ ഏകദേശം **1.20% ട്രാൻസ്ഫോർമറുകൾ 90% Solar threshold ൽ എത്തിയതായി കണ്ടെത്തിയിട്ടുണ്ട്.** സംസ്ഥാനത്ത് സോളാർ വൈദ്യുതി ഉൽപ്പാദനം വർധിച്ചുവരുന്ന സാഹചര്യം പരിഗണിച്ച്, കൂടുതൽ പുനരുപയോഗ ഊർജ സ്രോതസ്സുകളെ തടസ്സരഹിതമായി ഗ്രിഡുമായി സംയോജിപ്പിക്കുന്നതിനായി 2027-28 മുതൽ 2031-32 വരെയുള്ള കാലയളവിലേക്കുള്ള Distribution Capital Investment Plan ആയി പരിഗണിക്കുന്ന Dyuthi 3.0-ൽ ആവശ്യമായ വിതരണ ശൃംഖലാ വികസനത്തിനും വിതരണ ട്രാൻസ്ഫോർമറുകളുടെ ശേഷിവർധനയ്ക്കും വ്യവസ്ഥ ചെയ്തിട്ടുണ്ട്. സോളാർ വൈദ്യുതി സംയോജനം മൂലം ശേഷിപരിധിയിലെത്തുന്ന Distribution Transformers കണ്ടെത്തി അവയുടെ ശേഷി വർധിപ്പിക്കുന്നതിനും Dyuthi 3.0 മാർഗനിർദ്ദേശങ്ങളിൽ പ്രത്യേകമായി നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ, പുനരുപയോഗ ഊർജത്തിന്റെ ഗ്രിഡ് സംയോജനം സുഗമമാക്കുന്നതിനായി വിതരണ ട്രാൻസ്ഫോർമറുകളുടെ ശേഷിവർധന നടത്തുന്നതിന് 86 കോടി രൂപ വകയിരുത്തുന്നതും Dyuthi 3.0 മാർഗനിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**(സി)** ഇന്ത്യയിലെ കർഷകരുടെ ഊർജസുരക്ഷ ഉറപ്പാക്കുന്നതിനും കാർഷിക മേഖലയിൽ സൗരോർജം പ്രോത്സാഹിപ്പിക്കുന്നതിനുമായി കേന്ദ്രസർക്കാർ നടപ്പാക്കുന്ന പി.എം. കുസും പദ്ധതിയിൽ കേരളത്തിൽ എത്ര ഗുണഭോക്താക്കളുണ്ടെന്ന് വ്യക്തമാക്കാമോ;

**മറുപടി:** PM KUSUM കാർഷിക പമ്പുകളുടെ സൗരോർജ്ജവൽക്കരണവും അതിലൂടെ കർഷകർക്ക് ഒരു വരുമാനവും ലക്ഷ്യമിട്ട് ANERT കേരളത്തിൽ PM KUSUM (പ്രധാന മന്ത്രി കിസാൻ ഊർജ്ജ സുരക്ഷാ ഏവം ഉത്ഥാൻ മഹാഭിയാൻ) പദ്ധതി നടപ്പിലാക്കിവരുന്നു. കാർഷിക ആവശ്യത്തിന് ഉപയോഗിക്കുന്ന 1 hp മുതൽ 7.5 hp വരെയുള്ള ജല പമ്പുകൾ 2 kW മുതൽ 10 kW വരെയുള്ള സൗരോർജ്ജ പാനലുകൾ ഉപയോഗിച്ച് വൈദ്യുതീകരിക്കുന്ന പദ്ധതിയാണിത്. 2021-22 വർഷത്തെ പിഎം കുസും കംപോണന്റ് സി (IPS) പദ്ധതി പ്രകാരം 68 കാർഷിക ജലപമ്പുകൾ കർഷക വിഹിതം സ്വീകരിച്ചുകൊണ്ട് കേന്ദ്ര സംസ്ഥാന സർക്കാർ സബ്സിഡിയോടെ സോളാർ പാനലുകൾ ഉപയോഗിച്ച് സൗരരോർജ്ജവൽക്കരിച്ചു.

2022-23 വർഷം മുതൽ നിലവിലുള്ള PM KUSUM പദ്ധതി പ്രകാരം 3544 ഗുണഭോക്താക്കൾക്കായി സൗരോർജ്ജനിലയങ്ങളുടെ നിർമ്മാണം പൂർത്തിയാക്കുകയും അതിൽ 2417 എണ്ണം KSEBL വൈദ്യുത ശൃംഖലയുമായി ബന്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കർഷകർക്ക് സാമ്പത്തിക ബാധ്യത ഉണ്ടാകാത്ത വിധത്തിൽ കേന്ദ്ര സംസ്ഥാന സർക്കാർ സബ്സിഡിയും നബാർഡ് വായ്പയും ഉപയോഗപ്പെടുത്തിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

**(ഡി)** പി.എം. കുസും പദ്ധതിക്കു കീഴിൽ കേന്ദ്രസർക്കാർ 2023–24 കാലഘട്ടത്തിൽ അനുവദിച്ച തുക സംസ്ഥാനം വിനിയോഗിക്കാത്തതിനാൽ കേന്ദ്രസർക്കാർ തിരിച്ചെടുത്തിട്ടുണ്ടോ; ഇതിലേക്ക് നയിച്ച സാഹചര്യം വിശദീകരിക്കാമോ;

**മറുപടി:** പി.എം. കുസും പദ്ധതിക്കു കീഴിൽ കേന്ദ്രസർക്കാർ 2023-24 കാലഘട്ടത്തിൽ 23.84 കോടി രൂപ അഡ്വാൻസ് സബ്സിഡി (Central Financial Assistance) ഇനത്തിൽ അനെർട്ടിന് 29-08-2023 ന് അനുവദിച്ചിരുന്നു. ഇതിൽ 3,20,35,959 രൂപ പ്രസ്തുത വർഷം നിർമ്മാണം പൂർത്തിയായ സൗരോർജ്ജനിലയങ്ങൾക്ക് കേന്ദ്രസബ്സിഡി ഇനത്തിൽ വിനിയോഗിക്കുകയും ബാക്കി തുകയായ 20,63,64,041 രൂപ സാമ്പത്തിക വർഷം അവസാനിച്ചതോടെ കേന്ദ്ര സർക്കാർ ഫണ്ടിലേക്ക് തിരികെ പോകുകയുമുണ്ടായി. എന്നാൽ ഈ തുക തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിൽ അനെർട്ടിന്റെ ആവശ്യാനുസരണം കേന്ദ്ര സർക്കാർ റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്.

KSEBL മുഖേന കാർഷികപമ്പുകൾ പ്രവർത്തിപ്പിക്കുന്നതിന് വൈദ്യുതി ചാർജ്ജ് നൽകേണ്ട ആവശ്യം ഇല്ലാത്തതിനാൽ ആദ്യ കാലങ്ങളിൽ കർഷകർ ഈ പദ്ധതിയോട് വിമുഖത കാണിച്ചിരുന്നു. എന്നാൽ PM KUSUM പദ്ധതിയുടെ ഗുണങ്ങൾ മനസ്സിലാക്കിയ ശേഷമാണ് കൂടുതൽ കർഷകർ ഈ പദ്ധതിയിൽ പങ്കുചേരുവാൻ സന്നദ്ധത കാണിച്ചത്. എന്നാൽ തുടർന്നുള്ള വർഷങ്ങളിൽ കർഷകരുടെ പങ്കാളിത്തം താരതമ്യേന കൂടിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ ഇതുവരെ അനെർട്ട് 9.69 കോടി രൂപ കേന്ദ്ര വിഹിതമായി വിനിയോഗിച്ചിട്ടുണ്ട്.

**(ഇ)** കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ തെഹ്‌രി ഹൈഡ്രോ ഡെവലപ്മെന്റ് കോർപറേഷൻ (ടി.എച്ച്.ഡി.സി.) തയ്യാറാക്കിയ 13 പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾ കേരളം സ്വീകരിക്കാതിരുന്നതിന്റെ കാരണം എന്താണെന്ന് വിശദീകരിക്കാമോ;

**മറുപടി:** 2012 മുതൽ കെ.എസ്.ഇ.ബി.എൽ പമ്പ്ഡ് സ്റ്റോറേജ് പദ്ധതികളുടെ പര്യവേഷണങ്ങൾ ആരംഭിക്കുകയും ഇടുക്കി, പള്ളിവാസൽ, ഇടമലയാർ തുടങ്ങിയ പദ്ധതികളുടെ സാധ്യത പഠനങ്ങൾ

നടത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കാലഘട്ടത്തിൽ പമ്പിംഗ് എനർജി ലഭ്യമാക്കാൻ ആവശ്യമായ അന്തർ സംസ്ഥാന പ്രസരണ ലൈനുകളുടെ അഭാവവും, അക്കാലത്ത് കേരളത്തിൽ കാറ്റ്, സൗരോർജ്ജം എന്നീ പുനരുപയോഗ ഊർജ്ജസ്രോതസ്സുകളുടെ അഭാവവും നിമിത്തം പമ്പിംഗ് എനർജി വില കൂടുതലും അപ്രാപ്യവും ആയതിനാൽ കേരളത്തിൽ പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾ ആദായകരമല്ല എന്ന നിരീക്ഷണത്തിൽ തുടർ പ്രവർത്തനങ്ങൾ ഉണ്ടായില്ല.

2023 ജനുവരിയിൽ, ഇടുക്കി, പള്ളിവാസൽ പമ്പ്ഡ് സ്റ്റോറേജ് പദ്ധതികളുടെ പ്രാഥമിക സാധ്യത പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിനായി തെഹരി ഹൈഡ്രോ ഡെവലപ്മെന്റ് കോർപ്പറേഷൻ ഇന്ത്യ ലിമിറ്റഡ് (THDCIL)മായി MoU ഒപ്പുവയ്ക്കുകയും പ്രസ്തുത റിപ്പോർട്ടുകൾ റ്റി.എച്ച്.ഡി.സി.ഐ.എൽ തയ്യാറാക്കി നൽകുകയും ചെയ്തു. 700 MW ന്റെ ഇടുക്കി പമ്പ്ഡ് സ്റ്റോറേജ് പദ്ധതിക്ക് 3083 കോടി രൂപയും, 600 MW ന്റെ പള്ളിവാസൽ പമ്പ്ഡ് സ്റ്റോറേജ് പദ്ധതിക്ക് 3150 കോടി രൂപയും ആണ് പ്രാരംഭ പഠനത്തിൽ കണ്ടെത്തിയിരുന്നത്. തെഹരി ഹൈഡ്രോ ഡെവലപ്മെന്റ് കോർപ്പറേഷൻ ഇന്ത്യ ലിമിറ്റഡ് (THDCIL) കേരളത്തിൽ 13 പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾ, ആകെ 6155 MW സ്ഥാപിത ശേഷിയിൽ, വികസിപ്പിക്കുന്നതിനുള്ള നിർദ്ദേശം സമർപ്പിച്ചിരുന്നു. 2023-ലെ നിർദ്ദേശത്തിൽ പദ്ധതികൾക്കായി ഏകദേശം 30,000 കോടി രൂപ നിക്ഷേപം ആവശ്യമായി വരുമെന്ന് സൂചിപ്പിച്ചിരുന്നു. തുടർന്ന് 2025-ൽ സമർപ്പിച്ച നിർദ്ദേശത്തിൽ ഏകദേശം 6000 MW ശേഷിയുള്ള പദ്ധതികൾക്കായി 36,000 കോടി രൂപ നിക്ഷേപം നിർദ്ദേശിച്ചിട്ടുണ്ട്.

വിശദമായ ഭൗമ പഠന നിരീക്ഷണങ്ങൾ നടത്താതെയും പദ്ധതിയുടെ സമഗ്രമായ നിർവ്വഹണ റിപ്പോർട്ട് പൂർത്തിയാക്കാതെയും മത്സരാധിഷ്ഠിതമല്ലാത്ത നോമിനേഷൻ രീതിയിൽ പദ്ധതി നിർവഹണം ഏൽപ്പിക്കണം എന്നുള്ള സമീപനമാണ് റ്റി.എച്ച്.ഡി.സി.ഐ.എൽ കൈക്കൊണ്ടത്. മത്സരാധിഷ്ഠിതവും സുതാര്യവും അല്ലാത്തതിനാലും ഭാവിയിൽ പദ്ധതി നിർവ്വഹണ ചെലവ് അമിതമായി വർദ്ധിക്കുന്നതുമൂലം ഉണ്ടാകാനിടയുള്ള സാമ്പത്തിക ബാധ്യതയും മുൻനിർത്തിയാണ് തുടർ നടപടികൾ സ്വീകരിക്കാതിരുന്നത് എന്ന് കെ.എസ്.ഇ.ബി.എൽ അറിയിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ പമ്പ്ഡ് സ്റ്റോറേജ് ഹൈഡ്രോ പദ്ധതികൾ കെ.എസ്.ഇ.ബി ലിമിറ്റഡ് തന്നെ നടപ്പാക്കണമെന്നും പുറം ഏജൻസികളെ ഏൽപ്പിക്കേണ്ടതില്ലെന്നും സർക്കാർതലത്തിൽ തീരുമാനിച്ചിരുന്നു. ഈ തീരുമാനവും THDCIL മുഖേന പദ്ധതികൾ മുന്നോട്ടുകൊണ്ടുപോകാതിരുന്നതിനുള്ള പ്രധാന കാരണമാണ്.

ഇതിനെ തുടർന്ന് കെ.എസ്.ഇ.ബി ലിമിറ്റഡ് സ്വന്തം നിലയിൽ പമ്പ്ഡ് സ്റ്റോറേജ് പദ്ധതികളുടെ നിർവഹണത്തിനായി ഡെവലപ്പർമാരെ കണ്ടെത്തുന്നതിനായി ട്രാൻസാക്ഷൻ അഡ്വൈസർ ആയി SBI CAPS നെ ചുമതലപ്പെടുത്തി. 2025 ഏപ്രിൽ മാസത്തിൽ SBI-CAPS ന്റെ സഹകരണത്തോടെ ഒരു സ്റ്റേക്ക് ഹോൾഡർ മീറ്റിംഗ് നടത്തുകയുംTHDCIL, NHPC, Tata Power, Adani Green തുടങ്ങിയ എട്ടോളം ഏജൻസികൾ പങ്കെടുക്കുകയും ചെയ്തു.

സുവ്യക്തമായ പരിസ്ഥിതി ആഘാത പഠന റിപ്പോർട്ടിന്റെയും ഭൗമ പര്യവേഷണ റിപ്പോർട്ടിന്റെയും പിൻബലം ഇല്ലാതെ പശ്ചിമഘട്ട മലനിരകളിൽ പമ്പ്ഡ് സ്റ്റോറേജ് പദ്ധതികളുടെ നിർവഹണ ചെലവുകളോ താരിഫോ തീരുമാനിക്കുന്നത് സാധ്യമല്ല എന്ന് ഏകകണ്ഠമായി അഭിപ്രായം ഉയർന്നതിനാൽ കെ.എസ്.ഇ.ബി ലിമിറ്റഡ് സ്വന്തം നിലയിൽ പമ്പ്ഡ് സ്റ്റോറേജ് പദ്ധതികളുടെ ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള ജോലികൾ ആരംഭിച്ചിട്ടുണ്ട്.

ഇതനുസരിച്ച് 1000 MW കക്കയം പമ്പ്ഡ് സ്റ്റോറേജ് പദ്ധതി ഡിപിആർ തയ്യാറാക്കുന്നതിനായി മത്സരാധിഷ്ഠിത അടിസ്ഥാനത്തിൽ ടാറ്റ കൺസൾട്ടിംഗ് എൻജിനീയേഴ്സ് ലിമിറ്റഡിന് ഏൽപ്പിച്ചിട്ടുണ്ട്. 100 മെഗാവാട്ടിന്റെ മുതിരപ്പുഴ പദ്ധതി കെ.എസ്.ഇ.ബി ലിമിറ്റഡ് സ്വന്തം നിലയിൽ ഡിപിആർ

തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. രണ്ട് പദ്ധതികളും പാരിസ്ഥിതിക അനുമതി ഉൾപ്പെടെ ലഭ്യമായി 2028-ൽ നിർമ്മാണം ആരംഭിക്കാൻ സാധിക്കുന്നതാണ്. ഇടുക്കി പദ്ധതിയുടെയും പൊരിങ്ങൽകുത്ത് പദ്ധതിയുടെയും ഡിപിആർ തയ്യാറാക്കുന്നതിനുള്ള ടെൻഡർ തയ്യാറായിക്കൊണ്ടിരിക്കുന്നു. ഇവ കൂടാതെ 3500 ഓളം മെഗാവാട്ടിന്റെ വിവിധ പദ്ധതികൾ പ്രാരംഭ പഠന ദിശയിലാണ്.

**(എഫ്)** ഈ പദ്ധതിയിൽ ഇനി കരാർ ഒപ്പിടാനുള്ള സാധ്യതയുണ്ടോ; വിശദീകരിക്കാമോ?

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**